# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.10.2023** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. അന്താരാഷ്ട്ര കാർഷിക – ഭക്ഷ്യ സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കമായി ; ജൈവ വൈവിധ്യം പ്രോത്സാഹിപ്പിക്കാൻ ആത്മാർത്ഥ ശ്രമം വേണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **International Agriculture and Food Conference begins in New Delhi; President Draupadi said that sincere efforts should be made to promote biological diversity.**

2. ടാൻസാനിയൻ പ്രസിഡന്റ് സാമിയ സുലുഹു ഹസ്സൻ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി ; വിവിധ സഹകരണ കരാറുകളിൽ ഒപ്പുവയ്ക്കും.

   **Tanzanian President Samia Suluhu Hassan met Prime Minister Narendra Modi in New Delhi; Various cooperation agreements will be signed.**

3. മധ്യപ്രദേശ്, രാജസ്ഥാൻ ഉൾപ്പെടെ 5 സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് തീയതികൾ

പ്രഖ്യാപിച്ചു.

**Election dates for 5 states including Madhya Pradesh and Rajasthan have been announced.**

4. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗിന്റെ ഇറ്റലി, ഫ്രാൻസ് സന്ദർശനം ഇന്ന് മുതൽ , ഇന്ത്യ – ഇറ്റലി പങ്കാളിത്ത വികസനം ചർച്ച ചെയ്യും.

**Defense Minister Rajnath Singh's visit to Italy and France from today, will discuss the development of India-Italy partnership.**

5. ഇസ്രായേൽ , പലസ്തീൻ സംഘർഷം തുടരുന്നു ; ഹമാസ് ഭീകരത പൂർണമായി ഇല്ലാതാക്കുമെന്ന് ഇസ്രായേൽ ; സംഘർഷം അവസാനിപ്പിക്കാൻ യു എൻ ശ്രമം.

**Israeli-Palestinian conflict continues; Israel says that Hamas terrorism will be completely eliminated; UN efforts to end conflict**

6. ലോക കപ്പ് ക്രിക്കറ്റിൽ ന്യൂസിലാന്റ് ഇന്ന് നെതർലന്റ്സിനെ നേരിടും.

**New Zealand will face the Netherlands today in the Cricket World Cup.**

$$$$$$$$$$$$$$$$$$

**HEADLINE-1**

## PRESIDENT – IARI

കാർഷിക ഭക്ഷ്യ രീതികൾ സംബന്ധിച്ച് ഇന്ത്യൻ കാർഷിക ഗവേഷണ ഇൻസ്റ്റിട്യൂട്ട് സംഘടിപ്പിച്ച

രാജ്യാന്തര സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്തു. ജൈവ വൈവിധ്യം നിലനിർത്താനും മെച്ചപ്പെടുത്താനും മികച്ച പരിശ്രമങ്ങൾ വേണമെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ആഗോള താപനം മൂലം പരിസ്ഥിതിക്കും കാർഷികോൽപ്പാദനത്തിനും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തപ്പെടണമെന്നും രാഷ്ട്രപതി പറഞ്ഞു.

$$$$$$$$$$$$$$$$$$

**HEADLINE-2**

## Tanzania prez

ടാൻസാനിയൻ പ്രസിഡന്റ് സാമിയ സുലുഹു ഹസ്സൻ നാല് ദിവസത്തെ സന്ദർശനത്തിനായി ന്യൂഡൽഹിയിൽ എത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ടാൻസാനിയൻ പ്രസിഡന്റ് ഉഭയകക്ഷി ചർച്ച നടത്തി. നിരവധി സഹകരണ കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പുവയ്ക്കും . രാഷ്ട്രപതി ദ്രൗപദി മുർമുവുമായി ടാൻസാനിയൻ പ്രസിഡന്റ് കൂടിക്കാഴ്ച നടത്തും. സാമിയ സുലുഹു ഹസ്സനോടുള്ള ബഹുമാനാർത്ഥം രാഷ്ട്രപതി വിരുന്നും സംഘടിപ്പിക്കും. രാഷ്ട്രപതിഭവൻ അങ്കണത്തിൽ രാവിലെ ആചാരപരമായ സ്വീകരണം നൽകി. രാജ്ഘട്ടിൽ മഹാത്മാ ഗാന്ധി സമാധിയിൽ അവർ പുഷ്പചക്രം സമർപ്പിച്ചു. നാളെ ന്യൂഡൽഹിയിൽ നടക്കുന്ന വ്യാപാര, നിക്ഷേപ ഫോറത്തിലും ടാൻസാനിയ പ്രസിഡന്റ്

പങ്കെടുക്കും. സന്ദർശനം ഇന്ത്യയും ടാൻസാനിയയും തമ്മിലുള്ള ചരിത്രപരവും സൗഹൃദപരവുമായ ബന്ധത്തെ കൂടുതൽ ശക്തിപ്പെടുത്തുമെന്നാണ് കരുതപ്പെടുന്നത്. 8 വർഷത്തിന് ശേഷമാണ് ടാൻസാനിയ പ്രസിഡന്റ് ഇന്ത്യ സന്ദർശിക്കുന്നത്.

$$$$$$$$$$$$$$$$$$

**JAISHANKAR-TANZANIAN PREZ**

വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ടാൻസാനിയൻ പ്രസിഡന്റ് സാമിയ സുലുഹു ഹസ്സനുമായി കൂടിക്കാഴ്ച നടത്തി. ആഫ്രിക്കൻ യൂണിയനെ ജി 20 യിൽ സ്ഥിരാംഗമായി ഉൾപ്പെടുത്താൻ മുൻകൈ എടുത്തതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സാമിയ സുലുഹു ഹസ്സൻ നന്ദി അറിയിച്ചു. ഇന്ത്യ സന്ദർശനത്തിന് എത്തിയ സാമിയ സുലുഹു ഹസ്സനെ വിമാനത്താവളത്തിൽ കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി അന്നപൂർണാദേവി സ്വീകരിച്ചു.

$$$$$$$$$$$$$$$$$$

HEADLINE-3

**ECI PRESS**

അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പ് തീയതി തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. മധ്യപ്രദേശ്, രാജസ്ഥാൻ, മിസോറാം, തെലങ്കാന, ഛത്തീസ്ഗഡ് എന്നിവിടങ്ങളിലാണ് തെരഞ്ഞെടുപ്പ്

നടക്കുന്നത്. മിസോറാമിൽ നവംബർ 7 നും മധ്യപ്രദേശിൽ 17 നും വോട്ടെടുപ്പ്. ഛത്തീസ്ഗഢിൽ നവംബർ 7 നും 17 നും രണ്ട് ഘട്ടമായി വോട്ടെടുപ്പ് നടക്കും. രാജസ്ഥാനിൽ നവംബർ 23 ന് വോട്ടെടുപ്പ് നടക്കും. തെലങ്കാനയിൽ നവംബർ 30 നാണ് തെരഞ്ഞെടുപ്പ്. ഡിസംബർ 3 നാണ് എല്ലാ സംസ്ഥാനങ്ങളിലേയും വോട്ടെണ്ണൽ. ഇതോടെ അഞ്ച് സംസ്ഥാനങ്ങളിലും മാതൃകാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിലാണ് തീയതി പ്രഖ്യാപിച്ചത്.

2024 ലെ ദേശീയ പൊതുതിരഞ്ഞെടുപ്പിന് മുന്നേ അവസാനമായി നടക്കുന്ന പൊതുതിരഞ്ഞെടുപ്പ് എന്ന നിലയിൽ ഈ അഞ്ചു സംസഥാനങ്ങളിലെ തിരഞ്ഞെടുപ്പുകൾക്ക് പ്രാധാന്യമുണ്ട്.

$$$$$$$$$$$$$$$$$$

## JAISHANKAR IFS DAY

ഇന്ത്യൻ നയതന്ത്ര മേഖലയ്ക്ക് യഥാർത്ഥ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് ജി-20 പ്രസിഡൻസി തെളിയിച്ചതായി വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ. ഇന്ത്യൻ ഫോറിൻ സർവീസ് ദിനത്തോടനുബന്ധിച്ച് ഐഎഫ്എസ് ഉദ്യോഗസ്ഥർക്ക് ഡോ.ജയശങ്കർ സമൂഹ മാധ്യമ പോസ്റ്റിലൂടെ ആശംസകൾ നേർന്നു. ഇന്ത്യ കൂടുതൽ സങ്കീർണ്ണവും പ്രവചനാതീതവുമായ തോതിൽ ഉയർച്ച കൈവരിച്ച്ചു

കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഐഎഫ്എസ് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ അനുദിനം വളരുന്നുണ്ട്. രാജ്യത്തെ മറ്റ് മേഖലകളെ പോലെ ഐഎഫ്എസും അമൃത് കാലിന്റെ ദർശനത്തോട് പ്രതികരിക്കുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

$$$$$$$$$$$$$$$$$

HEADLINE-4

**RAJNATH VISIT**

രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിംഗിന്റെ ദ്വിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഈ മാസം 12 വരെ അദ്ദേഹം ഇറ്റലിയിലും ഫ്രാൻസിലും സന്ദർശനം നടത്തും. സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ ഇറ്റാലിയൻ പ്രതിരോധ മന്ത്രി ഗൈഡോ ക്രിസെറ്റോയുമായി ശ്രീ രാജ്നാഥ്സിംഗ് റോമിൽ കൂടിക്കാഴ്ച നടത്തും. തന്ത്രപരമായ പങ്കാളിത്തം ചർച്ചാ വിഷയമാകും. പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ, പാരീസിൽ ഫ്രഞ്ച് സായുധ സേനാ മന്ത്രി സെബാസ്റ്റ്യൻ ലെകോർനുവുമായി ശ്രീ രാജ്നാഥ്സിംഗ് അഞ്ചാം വാർഷിക പ്രതിരോധ സംഭാഷണം നടത്തും. വ്യാവസായിക സഹകരണത്തിനുള്ള സാധ്യതകളെക്കുറിച്ച് പ്രതിരോധ വ്യവസായ സിഇഒ മാരുമായും മുതിർന്ന പ്രതിനിധികളുമായും റോമിലും പാരീസിലും രാജ്യരക്ഷാമന്ത്രി ചർച്ച നടത്തും.

$$$$$$$$$$$$$$$$$

## GST APPEAL

നികുതി ഓഫീസർമാർ പാസ്സാക്കിയ ഡിമാൻഡ് ഉത്തരവുകൾക്കെതിരെ അപ്പീൽ ഫയൽ ചെയ്യാൻ നികുതി ദായകർക്ക് അടുത്തവർഷം ജനുവരി 31 വരെ സമയം അനുവദിച്ചു. ഇത് സംബന്ധിച്ച പൊതു മാപ്പ് പദ്ധതി ജി എസ് ടി കൗൺസിൽ പുറത്തിറക്കി. നികുതി ഉദ്യോഗസ്ഥർ ഉത്തരവ് പാസ്സാക്കിയതിന് ശേഷം മൂന്ന് മാസത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അപ്പീൽ ഫയൽ ചെയ്യാൻ കഴിയാതിരുന്നവർക്കും ഈ സൗകര്യം വിനിയോഗിക്കാം. കരിമ്പ് കർഷകർക്ക് ഗുണകരമാകുന്ന നികുതിയിളവ് ഉൾപ്പെടെ ഏതാനും ആനുകൂല്യങ്ങൾ കഴിഞ്ഞ ദിവസം ചേർന്ന ജി എസ് ടി കൗൺസിൽ പ്രഖ്യാപിച്ചിരുന്നു.

$$$$$$$$$$$$$$$$$

## PARUSHOTHAM -SASTRA CONGRESS

കൊച്ചിയിൽ നാളെ നടക്കുന്ന 16-ാമത് കൃഷി ശാസ്ത്ര കോൺഗ്രസ് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും. നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസ് സംഘടിപ്പിക്കുന്ന പരിപാടി ആദ്യമായാണ് കേരളത്തിൽ നടക്കുന്നത്. കൃഷി അനുബന്ധ വിഷയങ്ങൾ, ഭൂമിയും വെള്ളവും, കാർഷിക ഉൽപാദന സംവിധാനങ്ങൾ, ഉൽപന്നങ്ങൾ, കൃത്യമായ കൃഷി എന്നിവയുമായി ബന്ധപ്പെട്ട എല്ലാ

പ്രശ്നങ്ങളും കോൺഗ്രസ് ചർച്ച ചെയ്യും. കൃഷി ശാസ്ത്ര കോൺഗ്രസ് വെള്ളിയാഴ്ച സമാപിക്കും.

$$$$$$$$$$$$$$$$$

## SIKKIM (INTRO)

_*സിക്കിമിൽ വെള്ളപ്പൊക്കത്തിൽ മരിച്ചവരുടെ എണ്ണം 34 ആയി. ഇതിൽ 10 പേർ സൈനികരാണ്. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുന്നു. കേന്ദ്രസംഘം സിക്കിമിലെത്തി.*_

_*വിശദാംശങ്ങളിലേക്ക്.......*_

_*(ഹോൾഡ്– വോയിസ്)*_

_**(VO)**_

_*സിക്കിമിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കണക്കനുസരിച്ച് 105 പേരെ ഇനിയും കണ്ടെത്താനുണ്ട്. ഇതുവരെ 2,563 പേരെ രക്ഷപ്പെടുത്തി. 26 ദുരിതാശ്വാസ ക്യാമ്പുകളിലായി 6,505 പേർ അഭയം പ്രാപിച്ചിട്ടുണ്ട്. ആകെ 1,381 വീടുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചു. ഇതുവരെ 8 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. കാണാതായ സൈനികർക്കായുള്ള തിരച്ചിൽ തുടരുകയാണ്. വടക്കൻ സിക്കിമിലെ ലാചെൻ, ലാചുങ്, താംഗു, ചുങ്താങ് മേഖലകളിൽ കുടുങ്ങിയ 1,700 വിനോദസഞ്ചാരികൾക്ക് സേനയുടെ ത്രിശക്തി*_

***<u>വിഭാഗത്തിലെ സൈനികർ സഹായം നൽകുന്നു. വടക്കൻ സിക്കിമിലെ ലാച്ചനിൽ നിന്ന് ഒഴിപ്പിച്ച വിനോദസഞ്ചാരികളുടെ ആദ്യ സംഘം സൈനിക ഹെലികോപ്റ്ററിൽ മംഗാനിലെ റിംഗിം ഹെലിപാഡിലെത്തി. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള അന്തർ മന്ത്രാലയ കേന്ദ്രസംഘം സംസ്ഥാനത്ത് ഉണ്ട്. സംസ്ഥാനത്ത് പൊതുവായ സ്ഥിതി സംഘം അവലോകനം ചെയ്യും. ന്യൂസ് ഡെസ്ക് ആകാശവാണി.</u>***

$$$$$$$$$$$$$$$$$$

## SIKKIM CM – MEETING

സിക്കിം മുഖ്യമന്ത്രി പ്രേം സിംഗ് തമാങ് ഉന്നതതല യോഗം വിളിച്ച് സ്ഥിതി അവലോകനം ചെയ്തു. ചീഫ് സെക്രട്ടറി വി ബി പഥക്, കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡ, കിഴക്കൻ കമാൻഡ് മേധാവി എന്നിവർ സംബന്ധിച്ചു. പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സൈനികർക്കൊപ്പം ഉണ്ടാകുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

$$$$$$$$$$$$$$$$$$

**HEADLINE-5**

## ISRAEL-HAMAS

ഇസ്രായേൽ - പലസ്തീൻ സംഘർഷം തുടരുകയാണ്. അതിർത്തി മേഖലയിലെ വിവിധ കേന്ദ്രങ്ങളിൽ ഹമാസും ഇസ്രയേലി സുരക്ഷാ സേനയും ഏറ്റുമുട്ടുന്നു. ഇതുവരെ ആക്രമണങ്ങളിൽ മരിച്ചവരുടെ എണ്ണം ആയിരം കടന്നു. ഹമാസ് ആക്രമണത്തിൽ ഇസ്രായേലിൽ 700 പേരാണ് കൊല്ലപ്പെട്ടത്. ഹമാസിന്റെ ഭാഗത്ത് 400 ജീവഹാനിയുണ്ടായി. കൊല്ലപ്പെട്ടവരുടെ എണ്ണം ഉയരാനിടയുണ്ട്. ഗാസയിലെ 800 കേന്ദ്രങ്ങളിൽ പ്രത്യാക്രമണം നടത്തിയതായി ഇസ്രായേൽ അവകാശപ്പെട്ടു. വടക്ക് കിഴക്കൻ മേഖലയിലായിരുന്നു ഇസ്രായേൽ കാര്യമായി പ്രത്യാക്രമണം നടത്തിയത്. ഗാസയിൽ 70,000 ത്തോളം പേർ സുരക്ഷ തേടി സ്കൂളുകളിൽ അഭയം പ്രാപിച്ചിട്ടുണ്ടെന്ന് യു എൻ അറിയിച്ചു.

$$$$$$$$$$$$$$$$$$

## ISRAEL UNSC MEETING

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ യു.എൻ രക്ഷാ സമിതി ഇന്നലെ അടിയന്തര യോഗം ചേർന്നു. നയതന്ത്ര മാർഗ്ഗങ്ങളിലൂടെ സംഘർഷാവസ്ഥ ലഘൂകരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ യോഗം തീരുമാനമെടുത്തു. ഒന്നര മണിക്കൂർ നീണ്ട യോഗത്തിനൊടുവിൽ പ്രസ്താവനകളൊന്നും ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല. പലസ്തീൻ ഇസ്ലാമിക സംഘടനയായ ഹമാസ് യുദ്ധക്കുറ്റത്തിൽ

ഏർപ്പെട്ടിരിക്കുകയാണെന്നും ഹമാസിന്റെ എല്ലാ തീവ്രവാദ കേന്ദ്രങ്ങളും ഇല്ലാതാക്കണമെന്നും യു.എന്നിലെ ഇസ്രയേലി അംബാസിഡർ ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$

## AFGHAN EARTHQUAKE

പടിഞ്ഞാറൻ അഫ്ഗാനിസ്ഥാനിലുണ്ടായ ഭൂചലന പരമ്പരയിൽ മരിച്ചവരുടെ എണ്ണം രണ്ടായിരം കടന്നു. 2,445 -ലേറെ പേർ മരിച്ചതായി താലിബാൻ ഭരണകൂടത്തെ ഉദ്ധരിച്ച് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. ഇന്നലെ പ്രാദേശിക സമയം രാവിലെ 6.30 -ഓടെയാണ് പ്രവിശ്യ തലസ്ഥാനമായ ഹേറത്തിന്റെ വടക്കുപടിഞ്ഞാറ് 6.3 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടത്. തുടർന്ന് എട്ട് തുടർചലനങ്ങളുണ്ടായി.

1,300-ലേറെ വീടുകൾക്ക് കേടുപാടുണ്ടാകുകയോ തകരുകയോ ചെയ്തിട്ടുണ്ട്. തകർന്നടിഞ്ഞ കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽപ്പെട്ടവരെ രക്ഷിക്കാൻ ശ്രമം തുടരുന്നു. കഴിഞ്ഞ വർഷം ജൂണിൽ മേഘലയിൽ 5.9 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ ആയിരത്തിലധികം പേർ മരിച്ചിരുന്നു.

$$$$$$$$$$$$$$$$$

### HEADLINE-6

## ICC WORLD CUP

ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ന്യൂസിലാൻഡ് നെതർലന്റ്സിനെ നേരിടും. മറ്റന്നാൾ നടക്കുന്ന രണ്ടാം മത്സരത്തിൽ ഇന്ത്യ അഫ്ഗാനിസ്ഥാനെ നേരിടും.

ഇന്നലെ ഓസ്ട്രേലിയക്കെതിരായ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് 6 വിക്കറ്റ് ജയം. 200 റൺസ് വിജയലക്ഷ്യവുമായി ബാറ്റ് ചെയ്ത ഇന്ത്യ 42.3 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു. 85 റൺസെടുത്ത വിരാട് കോഹ്‌ലിയുടെയും 97 റൺസ് നേടിയ കെഎൽ രാഹുലിന്റേയും ബാറ്റിംഗ് മികവിലാണ് ഇന്ത്യയുടെ ജയം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഓസീസ് 49.3 ഓവറിൽ 199 റൺസെടുക്കുന്ന തിനിടെ എല്ലാവരും പുറത്താവുകയായിരുന്നു.

$$$$$$$$$$$$$$$$$$$$

# ISL

ഐഎസ്എല്ലിൽ കേരള ബ്ലാസ്റ്റേഴ്സിന് ആദ്യ തോൽവി. ഇന്നലെ നടന്ന മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് മുംബൈ, ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തിയത്. ആദ്യ രണ്ട് മത്സരങ്ങളിൽ തുടർച്ചയായ വിജയം സ്വന്തമാക്കിയതിന് പിന്നാലെയാണ് ബ്ലാസ്റ്റേഴ്സ് തോൽവിക്ക് വഴങ്ങിയത്. ഇതോടെ പട്ടികയിൽ ടീം നാലാമതായി. ഈ മാസം 21-ന് കൊച്ചിയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെതിരെയാണ്ബ്ളാസ്റ്റേഴ്സിന്റെ അടുത്ത കളി.

$$$$$$$$$$$$$$$$$$$$

## J&K-SPICE PARK

കേന്ദ്ര സർക്കാരിന്റെ ജനസമ്പർക്ക പരിപാടിയുടെയും കശ്മീർ മേഖലയിലെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രതിബദ്ധതയുടെയും ഭാഗമായി ദക്ഷിണ കശ്മീരിലെ പുൽവാമ ജില്ലയിലെ സ്പൈസ് പാർക്ക് കേന്ദ്ര മന്ത്രി ഡോ. മഹേന്ദ്ര നാഥ് പാണ്ഡെ ഇന്നലെ സന്ദർശിച്ചു.

സന്ദർശനത്തിന്റെ ഭാഗമായി സ്പൈസ് പാർക്കിലെ സംസ്കരണ യൂണിറ്റുകളും അടിസ്ഥാന സൗകര്യങ്ങളും അദ്ദേഹം പരിശോധിച്ചു . കുങ്കുമപ്പൂവിന്റെ ഗുണനിലവാരം നിലനിർത്തുന്നതിൽ സഫ്രോൺ പാർക്കിന്റെ പങ്ക് മന്ത്രി ചൂണ്ടിക്കാട്ടി.

$$$$$$$$$$$$$$$$$$

## SAJI CHERIYAN

കേരളത്തിൽ മത്സ്യ തൊഴിൽ മേഖലയിൽ അപകടങ്ങൾ കൂടി വരുന്നത് കണക്കിലെടുത്ത് മത്സ്യബന്ധന മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പിലാക്കുമെന്ന് മന്ത്രി സജി ചെറിയാൻ. മുനമ്പത്ത് മരിച്ച മത്സ്യത്തൊഴിലാളികളുടെ വീടുകൾ സന്ദർശിച്ച ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

$$$$$$$$$$$$$$$$$$

## POSTAL DAY

ഇന്ന് ലോക തപാൽദിനം. 1874-ൽ സ്വിസ് തലസ്ഥാനമായ ബേണിൽ യൂണിവേഴ്സൽ പോസ്റ്റൽ

യൂണിയൻ സ്ഥാപിതമായതിന്റെ വാർഷികമാണ് തപാൽ ദിനമായി ആചരിക്കുന്നത്. വിശ്വാസത്തിനായി ഒരുമിച്ച് ; *സുരക്ഷിതവും പരസ്പരബന്ധിതവുമായ ഒരു ഭാവിക്കായി ഒന്നിക്കൽ* എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ലോകത്തിലെ തന്നെ ഏറ്റവും വലിയ തപാൽ ശൃംഖലകളിൽ ഒന്നാണ് ഇന്ത്യയുടേത്.

$$$$$$$$$$$$$$$$$$

## STOCK OPENING AND GOLD RATE

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് നഷ്ടത്തിൽ വ്യാപാരം ആരംഭിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 364 പോയിന്റ് താഴ്ന്ന് 65,631 -ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 112 - പോയിന്റ് കുറഞ്ഞ് 19,535 -ലും വ്യാപാരം തുടരുന്നു.

$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$